**സ്വകാര്യനിക്ഷേപകർക്ക് ജലസ്രോതസുകൾ ഏൽപ്പിച്ചുകൊടുത്തതിന്റെ പരിണിതഫലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രവഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ മൊത്തം നദികളെയും കൂട്ടിയിണക്കി സ്വകാര്യ നിക്ഷേപകരെ ഏൽപ്പിച്ചാൽ എന്താവും പ്രത്യാഘാതങ്ങൾ? ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ ഏറെയാണ്.**



# നദികളെ കൂട്ടിയിണക്കൽ പ്രായോഗികമോ?

**ഡോ. എ. ബിജുകുമാർ**



രാജ്യത്ത് നിരന്തരമായി ഉണ്ടാകുന്ന വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും ശാശ്വതപരിഹാരമായി നമ്മുടെ പരമോന്നത നീതിപീഠവും രാഷ്ട്രീയ-ഉദ്യോഗസ്ഥ നേതൃത്വങ്ങളും ഇന്ന് കണക്കാക്കുന്നത് നദികളെ കൂട്ടിയിണക്കുന്ന പദ്ധതിയാണ്. പദ്ധതി നടപ്പിലാവുന്നതോടെ ജലവുമായി ബന്ധപ്പെട്ട പരിസ്ഥിതിപ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവുമെന്നും, കൃഷി ചെയ്യാവുന്ന പ്രദേശങ്ങളിലെല്ലാം ജലസേചനസൗകര്യമെത്തിക്കാമെന്നുമാണ് വിശ്വാസം. ഒക്ടോബർ 31, 2002-ൽ സുപ്രീംകോടതി കേന്ദ്രസർക്കാരിനോട് ഈ പദ്ധതി 2016-ൽ അവസാനിപ്പിക്കാനും ഇതിനായി ഒരു "ടാസ്ക്ക് ഫോഴ്സ്" രൂപീകരിക്കാനും ആവശ്യപ്പെട്ടു. ഈ പശ്ചാത്തലത്തിൽ നദികളെ കൂട്ടിയിണക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സമവായം ഉണ്ടാക്കാനായി മുൻകേന്ദ്ര ഊർജമന്ത്രി സുരേഷ് പ്രഭുവിന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ ഒരു ടാസ്ക്ക് ഫോഴ്സ് രൂപീകരിച്ചു.

ഭാരതം കണ്ടിട്ടുള്ള ഏറ്റവും ബൃഹത്തായ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുമുമ്പ് വിശദമായ പഠനങ്ങളും സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കലും അവയുടെ വിശകലനങ്ങളും, പരിസ്ഥിതി സ്വാധീന നിർണയവും രാജ്യത്തെ വിവിധ നദീതട

ങ്ങളിൽ നടക്കേണ്ടതുണ്ട്. ഒറ്റനോട്ടത്തിൽ ഈ പദ്ധതി മാത്രമാണ് പരിഹാരമെന്ന് തോന്നാമെങ്കിലും ഇതുമായി ബന്ധപ്പെട്ട പദ്ധതി നടപ്പിലാക്കുമ്പോൾ വരാവുന്ന പാരിസ്ഥിതിക – രാഷ്ട്രീയ – സാമൂഹ്യ പ്രശ്നങ്ങളോ, അതിന്റെ സാമ്പത്തിക അതിജീവന ശക്തിയോ, സാങ്കേതിക സാധ്യതകളോ ഇതുവരെ വിശദമായി പഠനവിധേയമാക്കിയിട്ടില്ല. സാമാന്യബുദ്ധിയുടെ തലത്തിൽ നിന്നു ചിന്തിക്കുമ്പോൾ ഉണ്ടാവുന്ന ചില ആകുലതകൾ ഇവിടെ ചർച്ചചെയ്യാം.

1972–ൽ കാവേരി – ഗംഗാനദികളെ കൂട്ടിയിണക്കുന്ന ഒരു പദ്ധതി അന്നത്തെ നെഹ്റു മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ കെ.എൽ. റാവു മുന്നോട്ടുവച്ച നാൾ തുടങ്ങി, 1977–ൽ സർക്കാരിന് ക്യാപ്റ്റൻ ദിൻഷാ ജെ. ദസ്തൂർ സമർപ്പിച്ച "ഗാർലാൻഡ് കനാൽ പദ്ധതി" വരെ തള്ളപ്പെട്ടത് അതുണ്ടാക്കിയേക്കാവുന്ന സാമ്പത്തികബാധ്യത കണക്കിലെടുത്താണ്. ഇപ്പോൾ ദേശീയ ജലവികസന ഏജൻസി തയാറാക്കിയിരിക്കുന്ന പദ്ധതിയിൽ ഹിമാലയൻ നദികൾക്കും മധ്യ–ദക്ഷിണ സംസ്ഥാനങ്ങളിലെ നദികൾക്കും പ്രത്യേകം വ്യവസ്ഥകളാണുള്ളത്. നദികളെ ബന്ധപ്പെടുത്തുന്നതിനുള്ള ച്ചെലവ് 56,000 കോടി രൂപയാണ്. എന്നാൽ പദ്ധതി ചെലവ് 200 ബില്യൺ (20,000 കോടി) അമേരിക്കൻ ഡോളറെങ്കിലുമാവുമെന്ന് ശ്രീ സുരേഷ് പ്രഭു തന്നെ അഭിപ്രായപ്പെടുന്നു. ഭാരതത്തിൽ ഇതുവരെ നടപ്പിലാക്കപ്പെട്ടിട്ടുള്ള നിർമാണപദ്ധതികളുടെ ചരിത്രം പരിശോധിച്ചാൽ പദ്ധതിച്ചെലവ് ഇപ്പോൾ വിഭാവനം ചെയ്യുന്നതിന്റെ നിരവധി മടങ്ങ് വർധിക്കുക തന്നെ ചെയ്യും.

വടക്ക് സത്‌ലജ് മുതൽ തെക്ക് വൈപ്പാർ വരെയും, കിഴക്ക് ബ്രഹ്മപുത്ര മുതൽ പടിഞ്ഞാറ് മാഹി വരെയും നീളുന്ന ബൃഹത്തായ നദീബന്ധന ശൃംഖലകൾ പൂർത്തിയാവുമ്പോഴുണ്ടാവുന്ന ചെലവിനെപ്പറ്റി ഒരു പ്രവചനം സാധ്യമല്ല. ഇപ്പോൾ വിഭാവനം ചെയ്യുന്ന 56,000 കോടി രൂപതന്നെ നമ്മുടെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ (GDP) 25 ശതമാനവും, വാർഷികനികുതി ശേഖരണത്തിന്റെ രണ്ടര ഇരട്ടിയും, മൊത്തം വിദേശനാണ്യശേഖരത്തിന്റെ ഇരട്ടിയുമാണത്രെ. ഇത്രയും തുക മുതൽമുടക്കാൻ സർക്കാരിനോ, രാജ്യത്തെ സ്വകാര്യ സംരംഭകർക്കോ കഴിഞ്ഞുവെന്നു വരില്ല. അപ്പോൾ സഹായഹസ്തവുമായി എത്തുന്നത് സ്വാഭാവികമായും അന്താരാഷ്ട്ര ഏജൻസികളാവുമെന്നതും നിസ്സംശയം പറയാം. ഇത്രയും പണം അവരിൽനിന്ന് സ്വീകരിക്കുമ്പോൾതന്നെ വ്യവസ്ഥകൾ എന്താവുമെന്നോ എങ്ങനെ കടം തിരിച്ചടയ്ക്കാനാവുമെന്നോ നിശ്ചയമില്ല. ഇപ്പോഴത്തെ കണക്കനുസരിച്ച് വാർഷിക പലിശനിരക്കുതന്നെ 20,000 മുതൽ 30,000 വരെ കോടി രൂപയായിരിക്കും. ഈ പദ്ധതി വഴി ജലം ലഭിക്കുന്ന കർഷകരും വ്യവസായ സംരംഭകരും എത്ര പണം നൽകേണ്ടിവരുമെന്നതും വ്യക്തമല്ല. ശതാബ്ദങ്ങൾ നീണ്ടുപോകുന്ന വമ്പൻ പ്രോജ





## കേരളത്തിലെ വന്യജീവികൾ
## സസ്തനങ്ങൾ (ആറാം പതിപ്പ്)

**വി. സദാശിവൻ**

സസ്തനങ്ങളെ മറ്റു ജീവികളിൽ നിന്ന് വേർതിരിക്കുന്ന പൊതുലക്ഷണങ്ങൾ വിവരിച്ച്, കേരളത്തിലെ കാടുകളിൽ സാധാരണ കണ്ടുവരുന്ന സസ്തനങ്ങളെ വർഗീകരിച്ച്, സ്വാനുഭവങ്ങൾ കൂടി ഉൾപ്പെടുത്തി പ്രതിപാദിച്ചിരിക്കുന്ന ലഘുപുസ്തകം. ഓരോ സസ്തനത്തിന്റെയും ഇംഗ്ലീഷ് നാമവും ശാസ്ത്ര നാമവും ചിത്രവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*സിൽ : 1889* *വില : 31 രൂപ*

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

ക്ടുകളുടെ ചരിത്രമുള്ള നമുക്ക് ഈ പുതിയ പ്രോജക്ട് എത്രകാലംകൊണ്ട് തീർക്കാനാവും? പദ്ധതി പൂർത്തിയാവുമെന്ന് തന്നെ എന്താണ് ഉറപ്പ്? സ്വകാര്യനിക്ഷേപകർക്ക് ജലസ്രോതസുകൾ ഏൽപ്പിച്ചുകൊടുത്തതിന്റെ പരിണിതഫലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് പ്രവഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ മൊത്തം നദികളെയും കൂട്ടിയിണക്കി സ്വകാര്യ നിക്ഷേപകരെ ഏൽപ്പിച്ചാൽ എന്താവും പ്രത്യാഘാതങ്ങൾ? ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ ഏറെയാണ്.

ഗംഗ, ബ്രഹ്മപുത്ര, ഗോദാവരി എന്നീ നദികളിലെ 'ജലസമൃദ്ധി'യാണ് പദ്ധതി നടപ്പിലാക്കാനുള്ള ഒരു പ്രചോദനം (ന്യായീകരണവും!). ഇവിടെയൊക്കെ വെള്ളപ്പൊക്കമുണ്ടെന്നത് നേരുതന്നെയെങ്കിലും അതുകൊണ്ട് നിറവേറ്റപ്പെടുന്ന പാരിസ്ഥിതികധർമങ്ങൾ മറന്നുകളയാനാവില്ല. ഓരോ വർഷവുമുണ്ടാകുന്ന വെള്ളപ്പൊക്കങ്ങൾ നദിയുടെ 'വഴി' വൃത്തിയാക്കുകയും സുഗമമായ നീരൊഴുക്ക് ഉറപ്പുവരുത്തുകയും ചെയ്യുന്നു. വെള്ളപ്പൊക്കത്തിലൂടെ ഇരുകരകളിലെയും പാടശേഖരങ്ങളിൽ എത്തിപ്പെടുന്ന എക്കലാണ് രാജ്യത്തെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രധാന ഘടകം.

ഗംഗയുടെ കാര്യം മാത്രം പരിശോധിക്കാം. ഒരു കാലത്ത് ജലസമൃദ്ധിക്കും തെളിനീരിനും പേരുകേട്ടിരുന്ന ഗംഗ ഇന്ന് രാജ്യത്ത് ഏറ്റവും മാലിന്യംപേറുന്ന, നീരൊഴുക്കു കുറഞ്ഞ നദികളിലൊന്നാണ്. കൂടാതെ ഏറ്റവുമധികം മണ്ണൊലിപ്പിനു വിധേയമാകുന്ന നദിയും ഗംഗ തന്നെയാണ്. മണ്ണുമൂടിയ കൊൽക്കത്ത തുറമുഖത്തിനുപകരമായി കോടിക്കണക്കിന് രൂപ ചെലവിട്ട് ഹാൽഡിയയിൽ പുതിയ തുറമുഖത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയിലേക്ക് കൂടുതൽ ശുദ്ധജലം കൊണ്ടുവരാനും, ഓരു വെള്ളക്കയറ്റം തടയാനുമായി പണിതുയർത്തിയ ഫറാക്കാ ബണ്ട് ഇപ്പോൾ ഇന്ത്യയ്ക്കും ബംഗ്ലാദേശിനുമിടയിലെ പ്രശ്നങ്ങൾക്ക് അടിസ്ഥാനകാരണമാണെന്ന് മാത്രമല്ല ഒരു പാരിസ്ഥിതിക ദുരന്തം കൂടിയാവുകയാണ്. അടിസ്ഥാനകാരണം ഗംഗയിൽ ആവശ്യത്തിന് വെള്ളമില്ലെന്നതു തന്നെയാണ്. നേപ്പാളിൽ കൂടുതൽ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാവുന്നതോടെ ഗംഗയിലെത്തുന്ന നീരൊഴുക്ക് വീണ്ടും കുറയും.

ഗംഗയ്ക്ക് എന്താണ് സംഭവിച്ചത്? മറ്റു ഹിമാലയൻ നദികളുടേതുപോലെ തന്നെ ഗംഗയുടെ സ്രോതസുകളും വറ്റിപ്പോയിരിക്കുന്നു. മഞ്ഞുരുക്കി നദിയിലേക്ക് വെള്ളം എത്തിച്ചിരുന്ന ഗംഗോത്രി എന്ന ഹിമമല കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ 14 കി.മീ. വരെയാണ് അപ്രത്യക്ഷമായത്. ആഗോളതാപനത്തിന്റെ അലയടികൾ ഹിമാലയത്തിലും വ്യക്തമായി പ്രതിഫലിച്ചുതുടങ്ങിയിരിക്കുന്നു. ഗംഗാതീരത്ത് വർധിച്ചുവരുന്ന നാഗരിക സംസ്കാരങ്ങൾക്കും വ്യവസായങ്ങൾക്കും ഇപ്പോൾതന്നെ ആവശ്യത്തിന് ജലം ലഭ്യമല്ലാത്ത അവസ്ഥയാണ്. മറ്റു ഹിമാലയൻ നദികളും ജലസമൃദ്ധമാണെന്ന ധാരണയും മിഥ്യയായി തന്നെ അവശേഷിക്കുന്നു.

ഹിമാലയൻ നദികളിൽ വെള്ളപ്പൊക്കം മൺസൂൺകാലത്ത് ഏതാനും മാസങ്ങളിൽ മാത്രമായാണ് ഉണ്ടാവുന്നത്. അധികജലം ആയിരക്കണക്കിന് കിലോമീറ്ററുകൾ വരുന്ന കനാലുകളിലൂടെ മധ്യ-തെക്കൻ സംസ്ഥാനങ്ങളിൽ എത്തിക്കുന്ന പദ്ധതി അനുയോജ്യമായി തോന്നാം. വെള്ളപ്പൊക്കസമയത്ത് ഈ നദികളിലെ ജലലഭ്യത സെക്കൻഡിൽ 30,000 മുതൽ 60,000 വരെ ഘനമീറ്റർ (ക്യൂബെക്സ്) ആണ്. ഇന്ത്യയിലെ മിക്ക നദികളിലും ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ് വെള്ളപ്പൊക്കമുണ്ടാവുന്നത്. ഈ മാസങ്ങളിൽ അധികജലം തെക്കൻ സംസ്ഥാനങ്ങളിൽ എത്തിച്ചതുകൊണ്ട് എന്താണ് പ്രയോജനം? ഹിമാലയൻ നദികളിൽ വെള്ളപ്പൊക്കസമയത്തുണ്ടാവുന്ന ശക്തമായ ജലപ്രവാഹം ഏതാനും റിസർവോയറുകളിൽ തടഞ്ഞുനിറുത്താനാവുമോ? അതിനുമാത്രമായി ജലം എങ്ങനെ വേർതിരിച്ചെത്തിക്കാനാവും?

കാവേരി ഇപ്പോൾതന്നെ 'പൊള്ളുന്ന' ഒരു വിഷയമാണ്. തീർച്ചയായും ജലക്ഷാമം വർധിക്കാനിടയുള്ള വരുംനാളുകളിൽ നിരവധി സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന കനാലുകൾ പുതിയ പ്രശ്നങ്ങൾക്ക് വഴിതെളിച്ചേക്കാം. പുതിയ പദ്ധതി നിലവിൽ വരുമ്പോൾ നദീജലം പങ്കിടുന്നതു സംബന്ധിച്ച അന്തർ സംസ്ഥാന റിവർ ഡിസ്പ്യൂട്ട് ട്രിബ്യൂണലിന്റെ പ്രവർത്തനം എങ്ങനെയാവുമെന്നും വ്യക്തമല്ല.

പാരിസ്ഥിതികമായി ചിന്തിച്ചാൽ ദുരന്തങ്ങളുടെ ചിത്രങ്ങളാവും മുന്നിൽ തെളിയുക. ഭൂമിയെ കീറിമുറിച്ച് ഒഴുകുന്ന കനാലുകളും ജലസംഭരണികളും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. കൂടാതെ, രാജ്യത്തെ വന്യജീവിസങ്കേതങ്ങളും മറ്റു സംരക്ഷിത ആവാസവ്യവസ്ഥകളും വിഭജിച്ചുകൊണ്ടുമാത്രമേ കനാലുകൾ നിർമിക്കാനാവൂ. പദ്ധതി നടപ്പിലാവുന്നതോടെ ലക്ഷക്കണക്കിന് ജന

**ഭാരതത്തിൽ ജലസേചനം അധികമുള്ള പ്രദേശങ്ങളിലെ പ്രധാന പ്രശ്നങ്ങൾ വെള്ളക്കെട്ടും, മണ്ണിന്റെ ലവണത വർധിക്കുന്നതുമാണ്. കൂടുതൽ ജലസേചന കനാലുകൾ ഈ പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാക്കും. മാത്രവുമല്ല, ജലം കൂടുതൽ ആവശ്യമുള്ള, കൂടുതൽ താൽക്കാലിക ലാഭം നൽകുന്ന, കൃഷികളിലേക്ക് ജനങ്ങൾ തിരിയുന്നതോടെ ഭക്ഷ്യക്ഷാമം രൂക്ഷമാവുകയും ചെയ്യും.**

ങ്ങൾക്ക്, പ്രത്യേകിച്ചും ആദിവാസികൾക്കും കൃഷിക്കാർക്കും, സ്വന്തം ഭൂമിയും തൊഴിലും നഷ്ടമാവും. ഇത് നിരവധി സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക പ്രശ്നങ്ങൾക്ക് വഴിവയ്ക്കും.

ഭാരതത്തിൽ ജലസേചനം അധികമുള്ള പ്രദേശങ്ങളിലെ പ്രധാന പ്രശ്നങ്ങൾ വെള്ളക്കെട്ടും, മണ്ണിന്റെ ലവണത വർധിക്കുന്നതുമാണ്. കൂടുതൽ ജലസേചന കനാലുകൾ ഈ പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാക്കും. മാത്രവുമല്ല, ജലം കൂടുതൽ ആവശ്യമുള്ള, കൂടുതൽ താൽക്കാലിക ലാഭം നൽകുന്ന, കൃഷികളിലേക്ക് ജനങ്ങൾ തിരിയുന്നതോടെ ഭക്ഷ്യക്ഷാമം രൂക്ഷമാവുകയും ചെയ്യും.

നദികളെ ബന്ധിക്കുന്ന പദ്ധതികൾക്ക് ലോകത്തെവിടെയും ഫലവത്തായ മാതൃകകളില്ലെന്നതും, ശ്രദ്ധേയമായ വസ്തുതയാണ്. പഴയ സോവിയറ്റ് യൂണിയനിൽ സൈബീരിയൻ നദികളെ അമുർദരിയ, സിർദരിയ നദികളുമായി ബന്ധിപ്പിക്കാനുള്ള നീക്കം നിരവധി പാരിസ്ഥിതികദുരന്തങ്ങൾക്ക് സാക്ഷിയായി അവർ സ്വയം ഉപേക്ഷിക്കുകയായിരുന്നു. അമേരിക്കയിൽ ഡാമുകൾകൊണ്ട് നശിച്ച കൊളറാഡോ നദി സമുദ്രത്തിലെത്താത്തതു കൊണ്ടുള്ള പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഡാമുകൾ പൊളിച്ചുമാറ്റാനുള്ള ശ്രമങ്ങൾക്ക് അവർ തുടക്കം കുറിച്ചിരിക്കുന്നു.

നദികളുടെ പാരിസ്ഥിതിക ധർമങ്ങളും ആത്മാവും കണ്ടെത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് ആശങ്കയുളവാക്കുന്നു. ചലനാത്മകതയുള്ള ഈ ആവാസവ്യൂഹങ്ങളുടെ താളവും തുടിപ്പും നിലനിറുത്തുകയും നീർത്തടങ്ങൾ സംരക്ഷിക്കുകയുമാണ് ജലസംരക്ഷണത്തിന് അവശ്യം വേണ്ടതെന്ന് തിരിച്ചറിഞ്ഞ് നദികളിൽ 'കൈകടത്തിയ' പുത്തൻ സംസ്കാരങ്ങൾ ലോകമെമ്പാടും അവയെ സ്വതന്ത്രമാക്കാനുള്ള ശ്രമത്തിലാണെന്നതും നാം തിരിച്ചറിയണം.

ഇപ്പോൾതന്നെ ലോകത്ത് ഏറ്റവും വലിയ ജലസേചനവ്യവസ്ഥയും പ്രസ്തുത മേഖലയിൽ ഏറ്റവുമധികം മുതൽമുടക്കും ഉള്ള രാജ്യമാണ് ഭാരതം. നിലവിലുള്ളതും പണിനടക്കുന്നതുമായ ജലസേചന വ്യവസ്ഥകൾ കാര്യക്ഷമമാക്കുകയും അവഗണിക്കപ്പെട്ടുകിടക്കുന്ന പരമ്പരാഗത ജലസംരക്ഷണമാർഗങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്താൽ തന്നെ രാജ്യത്ത് കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ സാധിക്കും. മഴവെള്ളം സമൃദ്ധമായി ലഭിക്കുന്ന ഒരു രാജ്യത്ത്, കുറഞ്ഞ ചെലവിൽ അത് സംഭരിക്കാമെന്നിരിക്കെ, എന്തിന് ഇത്രയും ബൃഹത്തായ ഒരു പദ്ധതി എന്ന് വ്യക്തമല്ല. എന്നാൽ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ താൽപ്പര്യമുള്ള ഉദ്യോഗസ്ഥവൃന്ദവും കോൺട്രാക്ടർമാരും കമ്പനികളും രാഷ്ട്രീയനേതൃത്വവും തീർച്ചയായും ശ്രമങ്ങൾ തുടരുകയും ചെയ്യും. കഴിഞ്ഞ 50 വർഷങ്ങളിൽ ഭാരതം ജലവിഭവവികസനത്തിനായി 50 ബില്യൺ അമേരിക്കൻ ഡോളറും കുടിവെള്ളവിതരണത്തിനായി 7.5 ബില്യൺ ഡോളറും ചെലവാക്കിയിട്ടുണ്ടെന്ന് മുൻ ആസൂത്രണ കമ്മീഷൻ അംഗം എൽ.സി. ജെയിൻ പറയുന്നു. ഇതിൽ ഏറിയപങ്കും നിലവിലുള്ള കോൺട്രാക്റ്റ് വ്യവസ്ഥകൾ വഴി ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു. നമുക്ക് പുതിയ നിർമാണപ്രക്രിയകളിൽ മാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കാതെ നിലവിലുള്ള വ്യവസ്ഥകൾ കാര്യക്ഷമമാക്കാനും, ശാസ്ത്രീയമായി ജലം സംരക്ഷിക്കാനും ശ്രമങ്ങൾ തുടങ്ങേണ്ടതുണ്ട്. ഒപ്പം ജലവിഭവങ്ങളുടെ മേൽ സർക്കാരിന്റെ 'ആധിപത്യം' കുറയ്ക്കുകയും തദ്ദേശ സമൂഹങ്ങളുടെ പൂർണപങ്കാളിത്തത്തോടെ ജലവിഭവപരിപാലനം നടപ്പിലാക്കുകയും വേണം. എങ്കിൽമാത്രമേ 2003-ാമാണ്ട് 'ശുദ്ധജലവർഷ'മായി ആചരിക്കാനുള്ള കേന്ദ്രജലവിഭവ മന്ത്രാലയത്തിന്റെ തീരുമാനത്തിന് പ്രസക്തിയുള്ളൂ. കാലഘട്ടത്തിന്റെ ആവശ്യം രാജ്യത്തെ നദികളെ ആരോഗ്യത്തോടെ നിലനിറുത്തുകയാണ്, അവയെ കൂട്ടിയിണക്കുന്നതിന് മുമ്പ് ചെയ്യേണ്ടതെന്ന തിരിച്ചറിവും. പ്രകൃതിക്കുമേൽ "എൻജിനീയറിങ്" താൽപ്പര്യങ്ങൾ അപ്രസക്തമാവുന്നത് പലതവണ നാം അനുഭവിച്ചറിഞ്ഞിട്ടുള്ളതുമാണ്. ●